സി-ഡിറ്റുമായി ആർക്കിടെക്ച്ചറൽ കൺസൾട്ടൻസി ഒഴികെ മുഴുവൻ നിർമ്മാണ ചുമതലയും സംബന്ധിച്ച കരാർ 2013-ൽ ഒപ്പിടുകയുണ്ടായി. എന്നാൽ പിന്നീട് ചേർന്ന സിഡിറ്റിന്റെ 66-ാം എക്സിക്യൂട്ടീവ് കമ്മിറ്റി ബി.എസ്.എൻ.എൽ-മായി ഉണ്ടാക്കിയിരുന്ന കരാർ റദ്ദാക്കി ആർക്കിടെക്ച്ചറൽ കൺസൾട്ടൻസി ഉൾപ്പെടെ മുഴുവൻ നിർമ്മാണ ചുമതലയും ബി.എസ്.എൻ.എൽ.-നെ ഏൽപ്പിക്കാൻ തീരുമാനിക്കുകയുണ്ടായി. തുടർന്ന് മുഴുവൻ നിർമ്മാണച്ചുമതലയും ബി.എസ്.എൻ.എൽ.-നെ ഏൽപ്പിച്ചുകൊണ്ട് പുതുക്കിയ കരാറിൽ ഏർപ്പെടുകയും അഡ്വാൻസ് തുക ബി.എസ്.എൻ.എൽ-ന് നൽകുകയും ചെയ്തു. എന്നാൽ ബി.എസ്.എൻ.എൽ. സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് തുക മുമ്പ് അനുവദിച്ച തുകയേക്കാൾ കൂടുതലായതിനാൽ ചെലവ് കുറഞ്ഞ നിർമ്മാണരീതി അവലംബിച്ച് പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കാൻ ബി.എസ്.എൻ.എൽ.-നോട് ആവശ്യപ്പെടുകയും അപ്രകാരം ഗ്രീൻടെക്നോളജി അവലംബിച്ച് തയ്യാറാക്കിയ പുതുക്കിയ പ്രൊപ്പോസൽ ബി.എസ്.എൻ.എൽ. സമർപ്പിക്കുകയും ആയതിന് ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

ട്രാംവെ റെയിൽ പൈതൃക മ്യൂസിയം

65 (4100) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ആസ്ഥാനമാക്കി 'ട്രാംവെ റെയിൽ പൈതൃക മ്യൂസിയം' സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ട്രാംവേയുടെ അവശിഷ്ടങ്ങൾ നിലവിലുള്ളത് റിസർവ് വനമേഖലയിലാണ്. ചാലക്കുടി ആസ്ഥാനമാക്കി ട്രാംവെ റെയിൽ പൈതൃകമ്യൂസിയം സ്ഥാപിക്കുന്നത് സംബന്ധിച്ച സ്ഥലം ലഭ്യമായാൽ മാത്രമേ മറ്റ് നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

കുർമ്മൽ എഴുത്തച്ഛൻ

66 (4101) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly